ശ്രീ. കെ. സി. വാമദേവൻ: ഷെഡ്യൂൾ കൃാൻസലേഷൻ എത്ര ശതമാനമാണ്?. ഉള്ള കൃാൻസലേഷൻപോലും ഇല്ലാതാക്കാൻ പുതിയ ബസ്സുകൾ സജ്ജമാക്കാനും മെക്കാനിക്കൽ വിഭാഗം ശക്തമാക്കാനും കോഴിക്കോട്ടും മറ്റും വർക്ഷോപ്പു തുടങ്ങാനും പോകുന്നുവെന്ന് കേട്ടു. അത് എത്രത്തോളമായി?. പുനഃസംഘടനാ നിർദ്ദേശംതന്നെ നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു. അതു നടപ്പിലാക്കിയില്ല. അതിനുള്ള കാരണമെന്താണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: എത്ര ശ്രമിച്ചാലും പഴക്കമുള്ള ബസ്സുകൾ ഉള്ളതുകൊണ്ട് അതിന്റെ മെയിൻറനൻസ് നടത്തിയാൽ ഒരു ദിവസം പൂർണ്ണമായി ഓടിക്കാൻ കഴിയാത്തതുകൊണ്ട് പല ട്രിപ്പുകളും ഷെഡ്യൂളിൽ കുറക്കേണ്ടിവരുന്നു. എത്രമെയിൻറനൻസ് ചെയ്താലും ഇടക്കു കിടന്നുപോകും. ഇരട്ടി മെയിൻറനൻസും വേണ്ടി വരുന്നു. ഈ കഴിഞ്ഞ രണ്ടുപ്രാവശ്യമായി 500 ബസ്സുകൾ ഇറക്കിയതിൽ പകുതിയിൽ കൂടുതൽ ബസ്സുകൾ പുതിയ റൂട്ടുകളിൽ ഓടിക്കേണ്ടിവന്നു. ഇതു സമ്മർദ്ദവും നിർബന്ധവും മൂലമാണ്. ഇനി പഴയ ബസ്സുകൾ മാറ്റി കൃാൻസലേഷൻ കുറയ്ക്കാൻ ശ്രമിക്കാം. മെക്കാനിക്കൽ വിഭാഗത്തെ ശക്തിപ്പെടുത്താനും ശ്രമിക്കാം. കോഴിക്കോട് വർക്ഷോപ്പിന്റെ നടപടി പൂർത്തിയാക്കാൻ ഇന്ന് ജനറൽ മാനേജർ കോഴിക്കോട്ടേക്കു പോയിരിക്കുകയാണ്. ബന്ധപ്പെട്ട ആളുകളുമായി ആലോചിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ബഹുമാനപ്പെട്ട മന്ത്രി ഈ നയത്തെക്കുറിച്ചു സംസാരിക്കുന്നു. പക്ഷെ സമ്മർദ്ദത്തിനനുസരിച്ച് നയവും മാറുന്നു. അപ്പോൾ ഗവൺമെൻറിന്റെ നയം ട്രാൻസ്പോർട്ടു ബസ്സുകൾ പണ്ട് ദേശസാൽക്കരിച്ച റൂട്ടുകളിൽ മാത്രമേ ഓടിക്കുകയുള്ളു എന്നാണോ; എന്നാൽ ദേശസാൽക്കരിച്ചതല്ലാത്ത ഇടുക്കി പോലുള്ള സ്ഥലങ്ങൾ വികസിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഓടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; സമ്മർദ്ദത്തിന്റെ പേരിൽ നിനക്ക് ഒരു വണ്ടി, മറ്റൊരാൾക്ക് ഒരു വണ്ടി എന്നുള്ളതല്ലാതെ ദേശസാൽകൃതമേഖലയിൽ അല്ലാതെ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിലും ബസ്സ് സർവ്വീസ് നടത്തും എന്നിങ്ങനെ പോളിസിയുടെ കാര്യത്തിൽ ഒരു വ്യക്തതയുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കുറെ റൂട്ടുകൾ ദേശസാൽക്കരിക്കുകയും നിയമം ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ ദേശസാൽക്കരിച്ച റൂട്ടുകളിൽ വണ്ടികൾ ഓടിക്കേണ്ട ബാദ്ധ്യത കോർപ്പറേഷനുണ്ട്. സമ്മർദ്ദങ്ങൾകാരണം മറ്റു റൂട്ടുകളിൽ ബസ്സുകൾ ഓടിക്കേണ്ടി വരുമ്പോൾ ദേശസാൽകൃത റൂട്ടുകളിൽ വിഷമതകൾ ഉണ്ടാകുന്നു എന്നാണ് പറഞ്ഞത്.

കശുവണ്ടി ഇറക്കുമതി

*89 [97] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി (തോട്ടണ്ടി) ഇറക്കുമതി ചെയ്യുവാൻ സ്വകാര്യ വ്യവസായികൾക്ക് അനുമതി നൽകുവാൻ കേന്ദ്രഗവൺമെൻറ് നിശ്ചയിച്ചതായി സംസ്ഥാന ഗവൺമെൻറിന് അറിവ് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സംസ്ഥാന ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ ഈ നടപടി ശരിയല്ലെന്നും പിൻവലിക്കണമെന്നും കാണിച്ച് കേന്ദ്രഗവൺമെൻറിനെ അറിയിക്കുകയുണ്ടായി. കൂടാതെ മന്ത്രിസഭായോഗം ഇക്കാര്യം ചർച്ചചെയ്ത ശേഷം മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് എഴുതുകയും ചെയ്തു. കേന്ദ്ര ഗവൺമെൻറിൻെറ അവസാന തീരുമാനം ഇതുവരെ സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: പഴയ ഓപ്പൺ ലൈസൻസു സിസ്റ്റം വരുന്നതിൻെറ ഫലമായി ഈ വ്യവസായം കൂടുതൽ മൽസരത്തിനു വിധേയമാകും, നാമാവശേഷമാകും എന്നുള്ളതു കണക്കിലെടുത്ത് ഈ നയം പുനഃപരിശോധിക്കാനും ചാനലൈസേഷൻ പുനഃസ്ഥാപിക്കാനും കേന്ദ്രത്തിൽ സംസ്ഥാനഗവൺമെൻറ് സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അങ്ങനെ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെൻറുതന്നെ ഇവിടത്തെ സ്ഥിതിയെക്കുറിച്ചെല്ലാം മനസിലാക്കിയിട്ട് നിയമിച്ച പ്ലാനിംഗ് അഡ്വൈസർ ശ്രീ. ആർ. വി. രാമൻെറ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണ് ഈ ചാനലൈസേഷൻ ആരംഭിച്ചത്. അത് വിജയകരമായി നടന്നുവരികയുമായിരുന്നു. ഇപ്പോഴും സ്വകാര്യവ്യക്തികൾക്ക് പുറത്തു നിന്നു കൊണ്ടുവരുന്നതിനു അനുവാദം കൊടുക്കുന്നതിൽ യാതൊരു ന്യായീകരണവും കാണുന്നില്ല. അത് ഭൂതകരമായി തോന്നിയത്, ഈ ഗവൺമെൻറുമായി ഒരു വാക്കുപോലും പറയാതെ കേന്ദ്രമന്ത്രി തിരുവനന്തപുരത്തു വന്നുനിന്നു പ്രഖ്യാപിച്ചപ്പോഴാണ് ഈ ഗവൺമെൻറു ഇക്കാര്യം അറിഞ്ഞത്. സംസ്ഥാന ഗവൺമെൻറിനുള്ള പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രശ്നം കേന്ദ്രഗവൺമെൻറിൻെറ അടുത്ത് ടേക്കപ്പ് ചെയ്തിരിക്കുകയാണ്. ഇതു സംബന്ധിച്ച് എല്ലാ കാര്യങ്ങളും ഗവൺമെൻറ് ചെയ്യുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സമരങ്ങൾമൂലം കെ. എസ്. ആർ. ടി. സി. ക്കുണ്ടായ നഷ്ടം

*90 [98] ശ്രീ. വട്ടിയൂർക്കാവ് രവി:

,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979 ജൂൺ 1-ാംതീയതിക്കുശേഷം സെപ്തംബർ 1-ാംതീയതിവരെ വിദ്യാർത്ഥിസമരങ്ങളും മറ്റു സമരങ്ങളും മൂലം എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്;

(ബി) ഇതുമൂലം കെ. എസ്. ആർ. ടി. സി. ക്കു എത്രലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്;

(സി) പൊതുമുതൽ നശീകരണ നിരോധന നിയമമനുസരിച്ച് ആരെയെങ്കിലും ഇതുസംബന്ധിച്ച് അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിൻെറ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly